# കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം

നം. ബി-2467/2022/KSBSG തീയതി.25-10-2022

സ്വീകർത്താവ്,

**ജില്ലാ സെക്രട്ടറിമാർ/ഡി.ഒ.സി. മാർ**

മാന്യരെ,

***വിഷയം:- കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് - രാജ്യപുരസ്ക്കാർ ടെസ്റ്റ് 2022-23 - സംബന്ധിച്ച്***

**ടെസ്റ്റ് 3 ഘട്ടങ്ങളായി നടത്തുക**

ഘട്ടം 1 - യണിറ്റുകളിൽ നിന്ന് ഓൺലൈനായി അപേക്ഷ സ്വീകരിക്കൽ

ഘട്ടം 2 - ഘട്ടം - 2 - ലോഗ് വെരിഫിക്കേഷൻ

ഘട്ടം 3 - ടെസ്റ്റിംഗ് ക്യാമ്പ് (3 ദിവസം)

**ഘട്ടം 1**

- യൂണിറ്റുകളിൽ നിന്നുള്ള 2022 മാർച്ച് 31 വരെ ത്രിതീയ സോപാൻ ബാഡ്ജ് നേടിയ സ്കൗട്ട് / ഗൈഡുകളാണ് ഓൺ ലൈൻ ആയി അപേക്ഷ നൽകേണ്ടത്.
- ഒരു യൂണിറ്റിൽ നിന്നും പരമാവധി 50% സ്കൗട്ടുകളേയും/ഗൈഡുകളേയുമാണ് രാജ്യപുരസ്ക്കാർ ടെസ്റ്റിംഗ് ക്യാമ്പിൽ ഒരു വർഷം പങ്കെടുപ്പിക്കാൻ കഴിയുക.

**അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- അപേക്ഷകൾ 2022 നവംബർ 8 നകം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ഒരു കുട്ടിക്ക് 100/- രൂപ നിരക്കിൽ രജിസ്ട്രേഷൻ ഫീസ് സംസ്ഥാന കാര്യാലയത്തിൽ അടക്കണം.
- 2022 നവംബർ 8 നു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.
- യൂണിറ്റ് ലീഡറുടെ വാറന്റ് വാലിഡ് ആയിരിക്കണം. പുതുക്കാൻ കൊടുത്തിട്ടുണ്ടെങ്കിൽ ആ വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.
- യൂണിറ്റ് ലീഡർമാർ അഡ്വാൻസ്ഡ് കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ടാകണം.
- യൂണിറ്റ് ലീഡർമാരുടെ ട്രാൻസ്ഫർ, മരണം, റിട്ടയർമെന്റ് എന്നിവ സംഭവിച്ചിട്ടുണ്ടെങ്കിൽ പകരം സംവിധാനമാകുന്നതുവരെ 6 മാസത്തെ ഇളവ് അനുവദിക്കുന്നതാണ്.
- I M F , IRF അടച്ചതിന്റെ രശീത് നമ്പർ അപേക്ഷയിൽ നൽകേണ്ടതാണ്.
- സ്കൗട്ട് / ഗൈഡുകൾക്കും യൂനിറ്റ് ലീഡർമാർക്കും OYMS - UID നമ്പർ നിർബന്ധമാണ്.
- സ്കൗട്ട്/ഗൈഡുകളുടെ പേര്, രക്ഷാകർത്താക്കളുടെ പേര്, ജനനത്തീയ്യതി, ഇൻവെസ്റ്റിച്ചർ നടന്ന തീയ്യതി, ബാഡ്ജുകൾ നേടിയ തീയ്യതി എന്നിവയിൽ യാതൊരുവിധ തെറ്റുകളും സംഭവിക്കുവാൻ പാടുള്ളതല്ല. സ്കൂൾ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തുക. പിന്നീട് തിരുത്തലുകൾക്ക് അവസരം ലഭിക്കുന്നതല്ല.
- രജിസ്ട്രേഷൻ ഫോർമാറ്റ് സംസ്ഥാന കാര്യാലയത്തിൽ നിന്നും നൽകുന്നതാണ്.

**ഘട്ടം - രണ്ട്**

2022 നവംബർ 8 നകം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ലോഗ് വെരിഫിക്കേഷനിൽ പങ്കെടുക്കാൻ അർഹരായ കുട്ടികളുടെ ലിസ്റ്റ് നവംബർ 12 ന് പ്രസിദ്ധീകരിക്കുന്നു.

- ലോഗ് വെരിഫിക്കേഷൻ (2022 നവംബർ 14 മുതൽ ഡിസംബർ 10 വരെ)
- സ്റ്റേറ്റ് തയ്യാറാക്കിയ ലിസ്റ്റിലുള്ള സ്കൗട്ട് / ഗൈഡുകളെ മാത്രം പങ്കെടുപ്പിക്കുക.

- ലോഗ് പരിശോധനയ്ക്ക് കുട്ടികൾ നേരിട്ട് ഹാജരാകണം. ഒഴിച്ചു കൂട്ടാൻ പറ്റാത്ത സാഹചര്യങ്ങളിലുള്ള കുട്ടികളുടെ ലോഗുകൾ സ്ഥാപന മേധാവിയുടെ കാരണം കാണിച്ചു കൊണ്ടുള്ള സർട്ടിഫിക്കറ്റ് സഹിതം യൂണിറ്റ് ലീഡർമാർ മുഖേന ഹാജരാക്കണം. ഒരു കാരണവശാലും കുട്ടിയുടെ രക്ഷാകർത്താക്കളോ സഹപ്രവർത്തകരോ ലോഗ് പരിശോധനയ്ക്ക് ഹാജരാകരുത്.
- DOC ഒപ്പുവെച്ച ടെസ്റ്റ് കാർഡ് ലോഗ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.
- ലോഗ് വെരിഫിക്കേഷൻ തീയ്യതി മുൻകൂട്ടി രേഖാമൂലം ജില്ലകളെ അറിയിക്കുന്നതാണ്.
- പരിശോധനയ്ക്ക് നിശ്ചയിച്ച ദിവസം ലോഗ് ഹാജരാക്കാൻ കഴിയാത്ത സ്കൗട്ട്/ ഗൈഡുകൾക്ക് അടുത്ത വർഷത്തെ രാജ്യ പുരസ്ക്കാർ ടെസ്റ്റിൽ മാത്രമേ പങ്കെടുക്കാൻ കഴിയൂ.
- എക്സാമിനേഴ്സ്, ഡി.ഒ.സി എന്നിവർ ലോഗ്ബുക്കുകളിൽ ഒപ്പ് പതിപ്പിക്കേണ്ടതാണ്.
- ലോഗ് ബുക്കിൽ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തലുകൾ വരുത്താനോ മറ്റു മാറ്റങ്ങൾ വരുത്താനോ പാടില്ല.
- ലോഗ് ബുക്കുകൾ സ്കോർ നൽകി ഗ്രേഡ് ചെയ്യുന്നതാണ്.
- ത്രിതീയ സോപാൻ വരെയുള്ള മുഴുവൻ ലോഗുകളും (ഇന്റിവിഡ്വൽ, ആക്ടിവിറ്റി, പ്രൊഫിഷ്യൻസി ബാഡ്ജുകൾ) പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.
- ലോഗ് പരിശോധനയോടൊപ്പം തന്നെ യൂണിറ്റ് രജിസ്റ്റർ, യൂണിറ്റ് ലീഡറുടെ വാറന്റ് വാലിഡിറ്റി, അഡ്വാൻസ്ഡ് കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ കൂടി പരിശോധിക്കുന്നതണ്.

  സ്കൗട്ട്/ഗൈഡുകളുടെ വയസ്സ് തെളിയിക്കുന്നതിന് സ്ഥാപന മേധാവി ഒപ്പുവെച്ച സർട്ടിഫിക്കറ്റോ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പോ ലോഗ് പരിശോധന സമയത്ത് ഹാജരാക്കണം.
- ലോഗ് വെരിഫിക്കേഷനുശേഷം ടെസ്റ്റിംഗ് ക്യാമ്പിൽ പങ്കെടുക്കാൻ അർഹരായ കുട്ടികളുടെ ലിസ്റ്റ് 2022 ഡിസംബർ 20 ന് പ്രസിദ്ധീകരിക്കുന്നതാണ്.

**ലോഗ് വെരിഫിക്കേഷൻ ടീം**

ASOC, ട്രെയിനേർസ്, HWB ഹോൾഡേർസ്

- ട്രെയിനേർസ്, HWB ഹോൾഡേർസ് സ്വന്തം ജില്ലകളിൽ Examiners ആകരുത്.
- DOC മാർ യൂണിറ്റ് ക്യാമ്പ് പെർമിറ്റ് ഇഷ്യു രജിസ്റ്റർ സൂക്ഷിക്കേണ്ടതും വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതുമാണ്.

**ഘട്ടം - മൂന്ന്**

രാജ്യപുരസ്ക്കാർ ടെസ്റ്റിംഗ് ക്യാമ്പ് സംബന്ധിച്ച വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്,.

വിശ്വസ്തതയോടെ,

1/11/22

**സംസ്ഥാന സെക്രട്ടറി**

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS THIRUVANANTHAPURAM-695033